പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3963

21/06/2018 ൽ മറുപടിക്ക്

## മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ട്രാവൻകൂർ / കൊച്ചിൻ ദേവസ്വം ബോർഡുകളിലേതു പോലെ ഏകീകൃതമാണോ; വിശദമാക്കാമോ; | (എ) | മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടെ നിരക്കിലുള്ള സേവന വേതന വ്യവസ്ഥകളാണ് ബാധകമാക്കിയിട്ടുള്ളത്. ക്ഷേത്ര ജീവനക്കാർക്ക് ക്ഷേത്ര വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ശമ്പളാനുകൂല്യങ്ങൾ അനുവദിച്ചു വരുന്നത്. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഇവർക്ക് അർഹതപ്പെട്ട വേതനം കുടിശ്ശികയുണ്ടോ; വ്യക്തമാക്കുമോ; | (ബി) യും (സി) ും | ഉണ്ട്. മലബാർ ദേവസ്വം ബോർഡിലെ യഥാസമയം കണക്കുകൾ സമർപ്പിക്കുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക ഇല്ല. എന്നാൽ കൃത്യമായ കണക്കുകൾ യഥാസമയം സമർപ്പിക്കാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള കുടിശ്ശികയുണ്ട്. ശമ്പള പരിഷ്കരണം സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | കഴിഞ്ഞ പത്തു വർഷമായി വേതന പരിഷ്കരണം നടത്താതിരുന്നിട്ടും മുഴുവൻ വേതനവും ലഭിക്കാതെ കുടിശ്ശികയായിട്ടും അവധിദിനങ്ങൾ പോലും ബാധകമാക്കാതെ ജോലി ചെയ്യുന്ന മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കാനും ഏകീകരിക്കാനും സത്വര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ